<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6642**</u> <u>**11-11-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വിദൂരവിദ്യാഭ്യാസം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യൂ കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളിൽ വിദൂരവിദ്യാഭ്യാസം വഴി പഠനം നടത്തുന്നതിന് യു.ജി.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വകലാശാലകൾ ആണ് നിലവിൽ ഇത്തരം കോഴ്സ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | കേരള സർവ്വകലാശാലയ്ക്ക് 2021-22 അദ്ധ്യയന വർഷത്തേയ്ക്കും, കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 2021 പ്രവേശന വർഷം വിദൂരവിദ്യാഭ്യാസം വഴി കോഴ്സുകൾ നടത്തുന്നതിനും, കണ്ണൂർ സർവ്വകലാശാലയിൽ 2019 പ്രവേശന വർഷം വരെയും കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാല വഴി നാളിതുവരെ വിദൂരവിദ്യാഭ്യാസ പഠനത്തിന് കുട്ടികൾക്ക് രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുണ്ടോ; | (ബി) | ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി യുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിക്കാത്തതിനാൽ വിദൂര വിദ്യാഭ്യാസത്തെ ആശ്രയിക്കുന്ന കുട്ടികൾക്ക് ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് യു.ജി.സി യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതു വരെ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസവും, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ മുഖേനയുള്ള കോഴ്സുകൾ തുടർന്നും നടത്തുന്നതിന് അനുമതി നൽകികൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള, കാലിക്കറ്റ് സർവ്വകലാശാല കൾക്ക് 2021 വർഷം വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ